<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692</u> <u>13-12-2022 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ മേഖലയിലെ ജീവനക്കാരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **23.06.2022 ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച് 01.07.2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കളാണ്.** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാരെ ഈ പോളിസികാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗിക -മാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് മെഡിസെപ് മാതൃകയിൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ബി) | **സഹകരണ മേഖലയിലെ ജീവനക്കാർക്ക് ഒരു പ്രത്യേക ഇൻഷുറൻസ് പദ്ധതിയായി രൂപീകരിച്ച് ഇതിനായി സഹകരണ നിയമം, ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടു വന്ന് മുഴുവൻ ജീവനക്കാരെയും, വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തി മെഡിക്കൽ ഇൻഷുറൻസ് പദ്ധതി സ്റ്റാറ്റ്യൂട്ടറി ആയി മെഡിസെപ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ സഹകരണ സംഘം രജിസ്ട്രാറിനു നടപ്പിലാക്കാവുന്നതാണ് എന്ന നിർദ്ദേശം സർക്കാർ ഇതിനോടകം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ